"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- 2018 ലെ പ്രകൃതിക്ഷോഭത്തിൽ വീടിനു ഉണ്ടായ നാശനഷ്ടത്തിന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.231/2026/DMD തീയതി,തിരുവനന്തപുരം, 21-05-2026

---

പരാമർശം:-

1. കോഴിക്കോട് ജില്ലാ കളക്ടറുടെ 13/09/2024 ലെ DCKKD/7544/2023-F4 നമ്പർ നടപടിക്രമം
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 14/01/2025 ലെ DCKKD/7544/2023-F4 നമ്പർ കത്ത്

**ഉത്തരവ്**

2018 ലെ പ്രകൃതിക്ഷോഭത്തിൽ പരേതയായ ചോയിച്ചി എന്നവരുടെ വീടിനു മുകളിൽ തെങ്ങു വീണു നാശ നഷ്ടം സംഭവിച്ചതിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി അനുവദിച്ച 35000/- രൂപയിൽ SDRF ൽ നിന്ന് 5200/- രൂപ മാത്രമാണ് ലഭിച്ചതെന്ന പരേതയുടെ മകനായ ശ്രീ.സുരേഷ് പെരുവയൽകുനി എന്നവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ 2245-80-800-80 Other Miscellaneous Relief Expenditure ശീർഷകത്തിൽ നിന്നും ബാക്കി 29,800/- രൂപ കൂടി തഹസിൽദാർ കൊയിലാണ്ടിയ്ക്ക് അനുവദിച്ച് പരാമർശം (1) നടപടിക്രമം പ്രകാരം ഉത്തരവായിരുന്നു.

2) 2018 ലെ പ്രകൃതിക്ഷോഭത്തിൽ വീടിനു ഉണ്ടായ നാശനഷ്ടത്തിന് തുക അനുവദിയ്ക്കപ്പെട്ടതിനു ശേഷം, ശ്രീ.സുരേഷ് എന്നവരുടെ അപേക്ഷ പുനഃ പരിശോധിച്ചതിൽ വീടിന്റെ ഉമസ്ഥയായിരുന്ന ചോയിച്ചി മരണപ്പെട്ട സാഹചര്യത്തിൽ, ടി തുക ശ്രീ.സുരേഷ്/സുരേഷിന്റെ ഭാര്യയുടെ അക്കൗണ്ടിലേയ്ക്ക് അനുവദിയ്ക്കുന്നതിന് പരേതയുടെ മരണ സർട്ടിഫിക്കറ്റും മറ്റു അനുബന്ധ രേഖകളും മറ്റു അവകാശികളുടെ സമ്മതപത്രവും സഹിതം റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ ചേമഞ്ചേരി വില്ലേജ് ഓഫീസർക്ക് കൊയിലാണ്ടി തഹസിൽദാർ നിർദ്ദേശം നൽകുകയും, പ്രസ്തുത വീട് നിൽക്കുന്ന സ്ഥലം ചേമഞ്ചേരി സബ്രജിസ്ട്രാർ ഓഫീസിലെ 671/2018 നമ്പർ ആധാര പ്രകാരം ചോയിച്ചി എന്നയാൾ മകനായ ശ്രീ. സുരേഷ് എന്നയാൾക്ക് സെറ്റിൽമെന്റ് ആയി നല്കിയിട്ടുള്ളതായും ചേമഞ്ചേരി വില്ലേജിൽ ചേമഞ്ചേരി ദേശം റീസ 17/50 ൽ പെട്ട 0.0445 ഹെക്ടർ സ്ഥലത്തിന് 5081 തണ്ടപ്പേർ പ്രകാരം ശ്രീ. സുരേഷ് നികുതി അടച്ചു വരുന്നതായും, പ്രസ്തുത തുക ടിയാന് അനുവദിയ്ക്കാവുന്നതാണെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, പ്രസ്തുത റിപ്പോർട്ട് 2023-24 സാമ്പത്തികവർഷാവസാനം ലഭ്യമായതിനാലും 26.03.2024 ന് ശേഷം ട്രഷറിയിൽ ബിൽ സമർപ്പിച്ചാൽ ക്യൂവിൽ ഉൾപ്പെടാൻ സാധ്യതയുണ്ടായതിനാലും, ടി തുക (29800/- രൂപ) സർക്കാർ ശീർഷകത്തിലേയ്ക്ക് സറണ്ടർ ചെയ്യേണ്ട സാഹചര്യം ഉണ്ടായതെന്ന വിവരം കൊയിലാണ്ടി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, മേൽ സാഹചര്യത്തിൽ 29,800/- രൂപ 2245-80-800-80 Other Miscellaneous

Relief Expenditure ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്ന പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 ലെ പ്രകൃതിക്ഷോഭത്തിൽ വീടിനു ഉണ്ടായ നാശനഷ്ടത്തിന് പരേതയായ ചോയിച്ചി എന്നിവരുടെ മകനായ ശ്രീ.സുരേഷ് പെരുവയൽകുനി എന്നിവർക്ക് 29,800/- രൂപ 2245-80-800-80 Other Miscellaneous Relief Expenditure ശീർഷകത്തിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 23-05-2026 11:03:42**
സെക്ഷൻ ഓഫീസർ